# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :413** **29.06.2016 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ വൈദ്യുതി ഉൽപാദനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സൗരോർജ്ജ വൈദ്യുതി ഉൽപാദനം പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സൗരോർജ്ജ വൈദ്യുതി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ രണ്ട് പ്രധാന പദ്ധതികൾ അനെർട്ട് മുഖേന സംസ്ഥാനത്തുടനീളം നടപ്പിലാക്കി വരുന്നു.<br>**1) 10000 സൗരഗൃഹ പദ്ധതി**<br>സംസ്ഥാനത്തെ 10000 മേൽക്കൂരകളിൽ 1 കിലോവാട്ടിന്റെ പവർപ്ലാന്റുകൾ സ്ഥാപിക്കുക വഴി 10 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാൻ ഉദ്ദേശിച്ച പദ്ധതിയിൽ നിലവിൽ 9 മെഗാവാട്ടോളം പ്രതിഷ്ഠാപനങ്ങൾ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്. പദ്ധതി പുരോഗമിക്കുകയാണ്.<br>**2) സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി**<br>കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ അനെർട്ട് ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന പദ്ധതിയാണ് സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി. ഈ പദ്ധതി പൂർത്തിയാക്കുക വഴി സംസ്ഥാനത്തിന്റെ സ്ഥാപിതശേഷി 15 മെഗാവാട്ട് ഉയർത്തുവാനാണ് അനെർട്ട് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിലൂടെ 2 മുതൽ 50 കിലോവാട്ട് വരെയുള്ള പവർപ്ലാന്റുകൾക്ക് അപേക്ഷിക്കാവുന്നതാണ്. |

| | | |
|---|---|---|
| | | സംസ്ഥാനത്ത് വിവിധ കെട്ടിടങ്ങളിൽ 399 കിലോ വാട്ട് സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളുടെ നിർമ്മാണം അനെർട്ടിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിക്കുകയും 336 കിലോവാട്ട് പീക്ക് ശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു.<br>സൗരോർജ്ജ റാന്തലുകൾ സബ്സിഡിയോടെ വിതരണം ചെയ്യുന്ന പദ്ധതി അനെർട്ടിന്റെ ജില്ലാ ഓഫീസുകൾ വഴി നടന്നുവരുന്നുണ്ട്.<br>കർഷകർക്കായി സബ്സിഡി നിരക്കിൽ സൗരോർജ്ജ വാട്ടർപമ്പ് നൽകി വരുന്നു.<br>കേരളത്തിലെ ജനങ്ങൾക്ക് വീട്ടാവശ്യത്തിനായി 2 സി.എഫ്.എൽ. ലൈറ്റുകൾ, 1 ഡി.സി. ഫാൻ, 1 മൊബൈൽ ചാർജിംഗ് യൂണിറ്റ് എന്നിവ അടങ്ങിയ സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം അനെർട്ടിന്റെ ജില്ലാ ഓഫീസുകൾ വഴി നൽകുന്ന പദ്ധതി ഉടൻ തന്നെ ആരംഭിക്കാൻ കഴിയും. സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) വീട്ടാവശ്യത്തിന് സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഉപഭോക്താക്കൾക്ക് ധനസഹായം ലഭ്യമാണോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | ലഭ്യമാണ്. അനെർട്ട് മുഖേന സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന ഉപഭോക്താക്കൾക്ക് കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ധനസഹായം ലഭ്യമാക്കുന്നുണ്ട്. 10000 സൗരഗൃഹപദ്ധതിയിൽ പവർപ്ലാന്റ് സ്ഥാപിക്കുന്ന ഉപഭോക്താവിന് 91,197/- രൂപ ധനസഹായമായി ലഭ്യമാക്കുന്നുണ്ട്. സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയിൽ പവർപ്ലാന്റ് സ്ഥാപിക്കുന്നവർക്ക് കേന്ദ്ര സബ്സിഡിയായി പരമാവധി 24,000/- രൂപ പ്രതി കിലോവാട്ടും സംസ്ഥാന ധനസഹായമായി 10,000/-രൂപ പ്രതികിലോവാട്ടും ലഭ്യമാക്കുന്നുണ്ട്. |

| | | |
|---|---|---|
| | | വീട്ടാവശ്യത്തിന് സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിച്ച് ഉപയോഗിക്കുന്നതിനായി അനെർട്ട് നടപ്പിലാക്കുന്ന സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റത്തിന് 4000/- രൂപ സംസ്ഥാന സർക്കാർ സബ്സിഡിയായി ലഭിക്കുന്നതാണ്.<br>വീടുകളിൽ സൗരോർജ്ജ ഉത്പാദനത്തിനായി അനെർട്ട് ജില്ലാ ഓഫീസുകൾ വഴി സി.എഫ്.എൽ., എൽ.ഇ.ഡി. സൗരോർജ്ജ റാന്തലുകൾ വിതരണം ചെയ്തുവരുന്നു. ഒരു എൽ.ഇ.ഡി. റാന്തലിന് 2240/- രൂപയും സി.എഫ്.എൽ. റാന്തലിന് 2190/- രൂപയുമാണ്. എന്നാൽ എസ്.സി./എസ്.ടി./ബി.പി.എൽ./ഫിഷർമാൻ വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കൾക്ക് 1000/- രൂപയും ജനറൽ വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കൾക്ക് 500/- രൂപയും സംസ്ഥാന സർക്കാരിന്റെ സബ്സിഡി ലഭിക്കും. വീട്ടാവശ്യത്തിന് വേണ്ടി സ്ഥാപിക്കുന്ന ഓഫ് ഗ്രിഡ് പദ്ധതിയിൽ നിന്ന് ഉല്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് വൈദ്യുതിക്ക് ഒരു രൂപ എന്ന നിരക്കിൽ പ്രോത്സാഹനം നല്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

L.A. Q. No. 413

## കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) |
|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 |
| 2 | ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 |
| 4 | ഫ്ലോട്ടിംഗ് സോളാർ - ബാണാസുരസാഗർ റിസർവോയറിൽ | 0.010 |
| 5 | സോളാർ പാർക്ക് - സോളാർ ട്രീ, സോളാർ ഫൗണ്ടൻ, സോളാർ ഫ്ലവർ, സോളാർ ക്യാനപ്പി | 0.00 |
| 6 | കെ.എസ്.ഇ.ബി യുടെ ജനറേഷൻ വിഭാഗത്തിലെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ | 0.045 |
| 7 | പാലക്കാട് 4 ആദിവാസി കോളനികളിൽ (ഡി.ഡി.ജി) | 0.035 |
| | ആകെ | 1.236 |

## നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) |
|---|---|---|
| 1 | കെ.എസ്.ഇ.ബി യുടെ ജനറേഷൻ വിഭാഗത്തിലെ അനുയോജ്യമായ പവർ ഹൗസ് കെട്ടിടങ്ങളുടെ മുകളിൽ ഗ്രിഡ് കണക്ടഡ് | 0.655 |
| 2 | പാലക്കാട് 1 ആദിവാസി കോളനി ഡി.ഡി.ജി | 0.012 |
| 3 | പാലക്കാട് 10 ആദിവാസി കോളനികൾ ഡി.ഡി.ജി | 0.0845 |
| 4 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫിസ് പരിസരത്ത് | 1.25 |
| 5 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 |
| 6 | പടിഞ്ഞാറത്തറ ഡാമിനു മുകളിൽ | 0.440 |
| 7 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.91 |
| 8 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.46 |
| 9 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 |
| 10 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 |
| 11 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 |
| 12 | മഞ്ചേശ്വരം കാസർഗോഡ് | 0.50 |
| 13 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിൻെറ മുകളിൽ | 0.03 |
| 14 | പൊന്നാനി, മലപ്പുറം | 0.50 |

| | | |
|---|---|---|
| 15 | പീരുമേട്, ഇടുക്കി | 0.50 |
| 16 | മാടക്കത്തറ & ചൂളിശ്ശേരി, തൃശ്ശൂർ | 1.50 |
| 17 | ഏറ്റുമാന്നൂർ, കോട്ടയം | 1.00 |
| 18 | ബാണാസുരസാഗർ റിസർവൊയർ/ കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ് | 0.50 |
| 19 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ് | 3.00 |
| 20 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക് | 1.00 |
| | ആകെ | 17.2415 |

## ടെൻഡർ ക്ഷണിച്ച് സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) |
|---|---|---|
| 1 | കൊട്ടിയം, കൊല്ലം | 0.60 |
| 2 | മയിലാട്ടി, കാസർഗോഡ് | 1.00 |
| 3 | നെന്മാറ | 1.5 |
| 4 | പെരുംതേനരുവി | 0.45 |
| 5 | കുറ്റിപ്പുറം | 0.5 |
| | ആകെ | 4.05 |